പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 554 — 30/06/2016 ൽ മറുപടിക്ക്

ഗോവർദ്ധിനി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. സണ്ണി ജോസഫ് : | അഡ്വ. കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലയും വകുപ്പ് മന്ത്രി). |
| എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന വിശദമാക്കാമോ; | എ) സംസ്ഥാനത്ത് 2014-15 സാമ്പത്തിക വർഷം മുതൽ ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കി വരുന്നു. 2014-15 സാമ്പത്തിക വർഷം 24 കോടി രൂപ ഗോവർദ്ധിനി പദ്ധതിയ്ക്കായി വകയിരുത്തുകയും 38,160 കന്നുകുട്ടികളെ ഈ പദ്ധതിയിലൂടെ എൻറോൾ ചെയ്യുകയും ചെയ്തു. 2015-16 സാമ്പത്തികവർഷം 30 കോടിരൂപ വകയിരുത്തുകയും, 2014-15 സാമ്പത്തിക വർഷം എൻറോൾ ചെയ്ത 38,160 കന്നുകുട്ടികളുടെ പരിരക്ഷയ്ക്കും 2015-16 സാമ്പത്തിക വർഷത്തിൽ എൻറോൾ ചെയ്ത 9,840 കന്നുകുട്ടികളുടെ പരിരക്ഷയ്ക്കും വേണ്ടി തുക വിനിയോഗിക്കുവാനും സാധിച്ചു. |
| ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇതു സംബന്ധിച്ച് കൈവരിക്കാനുദ്ദേശിച്ചിരുന്നത്; വ്യക്തമാക്കുമോ; | ബി) 1.കന്നുകുട്ടികൾക്ക് സമഗ്ര ആരോഗ്യ സംരക്ഷണം നൽകുക.<br>2. ആരോഗ്യമുള്ള ഒരു കന്നുകുട്ടി പ്രായപൂർത്തിയാകുന്നത് 15 മാസത്തിൽ കവിയാതിരിക്കുക.<br>3. ആദ്യപ്രസവം 24 മാസത്തിനും 26 മാസത്തിനുമിടയ്ക്ക് തന്നെ നടക്കുക.<br>4. രണ്ടുപ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക അതായത് 13 മാസത്തിൽ കവിയാതിരിക്കുക.<br>5. സങ്കരയിനം കന്നുകാലികളുടെ ഒരു പ്രസവത്തിലെ പാലുല്പാദനശേഷി മുഴുവനും പ്രയോജനപ്പെടുത്തുക.<br>6. ഇപ്പോൾ നിലവിലുള്ള ഉത്പാദനശേഷി കുറഞ്ഞ പശുക്കൾക്ക് പകരം അത്യുല്പാദനശേഷിയുള്ള പശുക്കളുടെ ഒരു തലമുറ ഉത്പാദിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുക.<br>7. കേരളത്തിലെ ആകെ പാലുല്പാദനം വർദ്ധിപ്പിക്കുക. |

| | | | |
|---|---|---|---|
| സി) | ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | സി) | 2014-15 സാമ്പത്തിക വർഷം 24 കോടി രൂപ ഗോവർദ്ധിനി പദ്ധതിയ്ക്കായി വകയിരുത്തുകയും 38,160 കന്നുകുട്ടികളെ ഈ പദ്ധതിയിലൂടെ എൻറോൾ ചെയ്യുകയും ചെയ്തു. 2015-16 സാമ്പത്തികവർഷം 30 കോടി രൂപ വകയിരുത്തുകയും 2014-15 സാമ്പത്തിക വർഷം എൻറോൾ ചെയ്ത 38,160 കന്നുകുട്ടികളുടെ പരിരക്ഷയ്ക്കും 2015-16 സാമ്പത്തികവർഷത്തിൽ എൻറോൾ ചെയ്ത 9,840 കന്നുകുട്ടികളുടെ പരിരക്ഷയ്ക്കും വേണ്ടി തുക വിനിയോഗിക്കുവാനും സാധിച്ചു. |
| ഡി) | പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ ഇതു വരെ കൈവരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | ഡി) | 2014-15 സാമ്പത്തിക വർഷം വകയിരുത്തിയ 24 കോടി രൂപയിൽ 38,160 കന്നുകുട്ടികളെയും 2015-16 സാമ്പത്തികവർഷം വകയിരുത്തിയ 30 കോടി രൂപയിൽ 9,840 കന്നുകുട്ടികളെയും എൻറോൾ ചെയ്യുവാൻ സാധിച്ചു. ഈ പദ്ധതിയിലൂടെ 48000 കന്നുകുട്ടികൾക്ക് ശാസ്ത്രീയ പരിചരണമുറകൾ ഉറപ്പുവരുത്തുവാനും അതുവഴി അവയുടെ ജനിതകമേന്മയും ഉത്പാദനക്ഷമതയും പരമാവധി പ്രയോജനപ്പെടുന്ന വിധത്തിൽ വിനിയോഗിക്കുവാനും സാധിച്ചു. |

സെക്ഷൻ ഓഫീസർ